(ബി) ഉണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ സംസ്ഥാന തലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യം വിശദമായി പഠിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വൻകിട തോട്ടങ്ങളിലെ ഡിസ്പെൻസറികൾ

63(966) ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന വൻകിട തോട്ടങ്ങളിൽ പലയിടങ്ങളിലും ഡിസ്പെൻസറികൾ ഇല്ലാത്തതുമൂലം തൊഴിലാളികൾ വളരെയധികം പ്രയാസപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തോട്ടങ്ങളിലാണ് ഇപ്പോൾ ഈ സൗകര്യമില്ലാത്തതെന്നറിയാമോ;

(സി) 1000-ൽ പരം തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടങ്ങളിൽ അടിയന്തിരമായി ആശുപത്രി സൗകര്യം ഉണ്ടാക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ തന്നെ യോഗ്യരായ ഡോക്ടർമാരോ മരുന്നോ പാരാമെഡിക്കൽ ജീവനക്കാരോ ലഭ്യമല്ല എന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന് അടിയന്തിര പരിഹാര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) 1000-മോ അതിൽ കൂടുതലോ തൊഴിലാളികളുള്ള തോട്ടങ്ങളിൽ ആശുപത്രി സൗകര്യം നിലവിലുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

ടി ആർ ആന്റ് ടീ എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നം

64(967) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ടി.ആർ.ആന്റ് ടീ എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നം എന്താണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly